കേരള സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ശമ്പള പരിഷ്കരണം 2019 - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയുടെ 8, 15 വർഷ സമയബന്ധിത ഹയർ ഗ്രേഡിന് പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിൽ അനുവദിച്ച ഉത്തരവ് പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പേ റിവിഷൻ സെൽ – ബി) വകുപ്പ്

**G.O.(Ms)No.41/2026/(99)/FIN** തീയതി, തിരുവനന്തപുരം, **12-03-2026**

---

പരാമർശം 1) സ.ഉ.(അച്ചടി) നം.27/2021/ധന. തീയതി 10.02.2021

2) സ.ഉ.(കൈ) നം.25/2026/(98)/ധന, തീയതി:23.02.2026

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർഷം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർ (അലോപ്പതി) തസ്തികയ്ക്ക് 8, 15 വർഷങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രൊമോഷൻ തസ്തികകളുടെ ശമ്പളസ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 2-ൽ ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

"സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർ (അലോപ്പതി) തസ്തികയ്ക്ക് 8,15 വർഷങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രൊമോഷൻ തസ്തികകളുടെ ശമ്പളസ്കെയിലായ 95600-153200, 118100-163400 എന്നീ ശമ്പളസ്കെയിലുകളിൽ യഥാക്രമം ഒന്നും രണ്ടും സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു".

പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഹമ്മദ് കബീർ വൈ

അഡീഷണൽ സെക്രട്ടറി

പകർപ്പ് :

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് II), കേരള, തിരുവനന്തപുരം.

3) സെക്രട്ടറി തൊഴിൽ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

4) ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്.

5) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

6) ചീഫ് പ്രൊജക്റ്റ് മാനേജർ, സ്പാർക്ക് പി.എം.യു.

7) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

8) നോഡൽ ഓഫീസർ.**www.finance.kerala.gov.in**

9) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(E-2644282)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ